# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 29, വെള്ളി

നമ്പർ 43

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മുന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**ശ്രദ്ധ ക്ഷണിക്കൽ :**

(1) സംസ്ഥാനത്ത് അടുത്തകാലത്തുണ്ടായ പ്രളയത്തിലും കാലവർഷക്കെടുതിയിലും കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ഇ. കെ. വിജയൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരുടെ വേതനം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. സി. വിഷ്ണുനാഥ് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

**ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :**

ചട്ടം 304 അനുസരിച്ച് താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. ടി. തോമസ് | തൃക്കാക്കര കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |

KNPP. 1888/2021(i).

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | ശ്രീ. മോൻസ് ജോസഫ് | ഡി.എൽ.എഡ്. കോഴ്സ് നോട്ടിഫിക്കേഷൻ | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജന ക്ഷേമ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. കെ. പ്രശാന്ത് | വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. നന്ദകുമാർ | പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്.

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്.

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്.

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്.

<u>നിയമനിർമ്മാണകാര്യം :</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

(1) <u>2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ</u>

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ സംസാരിച്ചു.

2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച് സംസാരിച്ചു.

[ദിവസത്തെ സഭാ നടപടികളുടെ പൂർത്തീകരണത്തിനായി ഉച്ചയ്ക്ക് 12.30-നെ തുടർന്നും സഭ സമ്മേളിക്കുന്നതിനുള്ള സഭയുടെ അനുമതി ബഹു. സ്പീക്കർ ആരാഞ്ഞു. സഭ അനുമതി നൽകി.]

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും, സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ ഭേദഗതി കൂടാതെ പാസ്സാക്കുകയും മറ്റ് ബില്ലുകൾ താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

**(i) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ**

<u>ഒന്നാം വകുപ്പ്</u>

(1) In Proviso to clause 1(2), for the word "construde", the word "construed" shall be substituted.

(2) In proviso to Clause 1(2), for the words 'in to' the word 'into' shall be substituted.

**(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ**

<u>രണ്ടാം വകുപ്പ്</u>

(1) ഖണ്ഡം 2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി)യുടെ ക്ലിപ്തനിബന്ധനയിൽ "ഉൽപ്പാദനത്തിന്റെ" എന്നതിന് പകരം "ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

(2) ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബി)യുടെ ക്ലിപ്തനിബന്ധനയിൽ "ധനകമ്മിക്ക്" എന്നതിന് പകരം "ധനകമ്മിയ്ക്ക്" എന്നത് ചേർക്കുക.

(3) ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബി)യുടെ ക്ലിപ്തനിബന്ധനയിൽ "പുറമേ" എന്നതിന് പകരം "പുറമെ," എന്നത് ചേർക്കുക.

(4) ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബിഎ)-ൽ "ഊർജ്ജമേഖലയിലെ" എന്നതിന് പകരം " ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

(5) ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "വ്യവസ്ഥയ്ക്ക്" എന്ന വാക്കിനുപകരം "നിബന്ധനയ്ക്കും" എന്ന വാക്ക് ചേർക്കുക.

(6) ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "വ്യവസ്ഥയ്ക്ക് വിധേയമായി," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ" എന്ന് ചേർക്കുക.

(7) ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബിഎ)-ൽ "ഉപയോഗപ്പെടുത്തേണ്ടതുമാണ്" എന്നതിനുപകരം "വിനിയോഗിക്കേണ്ടതുമാണ്" എന്നു ചേർക്കുക.

(8) ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)യുടെ കുറിപ്പ് (i)-ൽ "ഉൽപ്പാദനത്തിന്റെ" എന്നതിനുപകരം " ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3 (2)-ൽ "ആക്റ്റിൻകീഴിൽ" എന്നതിനുപകരം "ആക്റ്റിൻ കീഴിൽ" എന്ന് ചേർക്കുക.

<u>സ്പീക്കറുടെ റൂളിംഗ്</u>

2021 ഒക്ടോബർ 27-ാം തീയതി നിയമ നിർമ്മാണ വേളയിലെ പ്രസംഗത്തിനിടയിൽ ശ്രീ. പി. വി. അൻവർ എം.എൽ.എ. മുൻകൂർ എഴുതി നൽകാത ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ നടത്തിയ ആരോപണങ്ങൾ സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യുന്നതു സംബന്ധിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2021 ഒക്ടോബർ 27-ാം തീയതി നിയമ നിർമ്മാണ വേളയിൽ 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിൽ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയായിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. പി. വി. അൻവർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ വ്യക്തിപരമായ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. നിയമസഭാ നടപടിചട്ടം 285-ൽ അനുശാസിക്കുംപ്രകാരം സ്പീക്കർക്ക് മുൻകൂർ നോട്ടീസ് നൽകാതെ ഒരംഗത്തിനെതിരെ അഴിമതി ആരോപണം ഉന്നയിക്കുന്നത് ക്രമപ്രകാരമാണോ എന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഒരു ക്രമപ്രശ്നം ഉന്നയിക്കുകയും പരിശോധിച്ച് റൂൾ ചെയ്യാമെന്ന് അപ്പോൾ ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

തുടർന്ന് തനിക്കെതിരെ നടപടിക്രമം പാലിക്കാതെ നിയമനിർമ്മാണ വേളയിൽ ശ്രീ. പി. വി. അൻവർ നടത്തിയ പരാമർശങ്ങൾ സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണമെന്നും ആക്ഷേപങ്ങളിന്മേൽ വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് ചട്ടം 288-ൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരമുള്ള അവസരം നൽകണമെന്നും ആവശ്യപ്പെട്ട് ഇന്നലെ (ഒക്ടോബർ 28-ാം തീയതി വ്യാഴാഴ്ച) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചെയറിന് കത്ത് നൽകിയിരുന്നു. അതിനെത്തുടർന്ന്, ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം സഭാ നടപടിക്രമങ്ങളുടെ ലംഘനമാണെന്ന കാര്യം ചട്ടങ്ങളും മുൻ റൂളിങ്ങുകളും ഉദ്ധരിച്ചുകൊണ്ട് ചെയർ അസന്നിഗ്ധമായി വ്യക്തമാക്കുകയും ചെയ്തിരുന്നു.

ഇതു സംബന്ധിച്ചുള്ള സഭാ കീഴ്വഴക്കങ്ങൾ, സഭാ ചട്ടം, മുൻ അദ്ധ്യക്ഷന്മാരുടെ റൂളിംഗുകൾ എന്നിവ വിശദമായി പരിശോധിച്ചതിന്റെയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ ചട്ടം 288 അനുശാസിക്കും പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണത്തിന് അന്നേ ദിവസം അദ്ദേഹത്തിന് അവസരം നൽകുകയുണ്ടായി. വ്യക്തിപരമായ വിശദീകരണത്തോടെ പ്രശ്നം തീർപ്പാകുമെന്ന ഉത്തമ ബോദ്ധ്യമാണ് ഇക്കാര്യത്തിൽ ചെയറിനെ നയിച്ചത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വിശദീകരണത്തിനുശേഷവും ഉന്നയിച്ച ആക്ഷേപങ്ങൾ സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യം വിശദമായി ഒന്നുകൂടി പരിശോധിക്കാമെന്ന് ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

നമ്മുടെ സഭയിൽ നടക്കുന്ന ചർച്ചയുടെ ഭാഗമായി അംഗങ്ങൾ പരസ്പരം ആക്ഷേപം ഉന്നയിക്കുന്നത് സംബന്ധിച്ചുള്ള നിരവധി സന്ദർഭങ്ങൾ കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സഭയിൽ ഉയർന്നു വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗുകളും ഇതിനെത്തുടർന്ന് ഉണ്ടായിട്ടുണ്ട്. സഭാതലത്തിൽ ഉയർന്നു വരുന്ന ആക്ഷേപങ്ങളിൽ ചട്ടം 288 അനുസരിച്ചുള്ള വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് ആരോപണ വിധേയരാകുന്ന അംഗങ്ങൾക്ക് അവസരം നൽകി കാര്യങ്ങൾ തീർപ്പാക്കിയിട്ടുള്ള നിരവധി സന്ദർഭങ്ങളും നമ്മുടെ സഭാ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്.

ഒരംഗം സഭയിൽ സംസാരിക്കുമ്പോൾ പൊതുവെ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് സഭാ ചട്ടങ്ങളിലെ ചട്ടം 284-ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം ഒരാൾക്കെതിരെയുള്ള ആരോപണം സംബന്ധിച്ച നടപടിക്രമം ചട്ടം 285 ലും വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഇതിനൊക്കെ പുറമെ നമ്മുടെ സഭാ നടപടിചട്ടങ്ങളുടെ തന്നെ ഭാഗമാക്കിയിട്ടുള്ള "അംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ" ചട്ടം 5-ൽ ഒരംഗം സംസാരിക്കുമ്പോൾ പാലിക്കേണ്ട പതിനാല് മാർഗ്ഗനിർദ്ദേശങ്ങൾ ചേർത്തിട്ടുണ്ട്. ഈ സന്ദർഭത്തിൽ അവ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് ചെയർ കരുതുന്നു.

*"ഒരംഗം സംസാരിക്കുമ്പോൾ :—*

i. ഒരു ജുഡീഷ്യൽ തീർപ്പിനായി നിലവിലിരിക്കുന്ന ഏതെങ്കിലും വസ്തുതാപരമായ കാര്യത്തെ പരാമർശിക്കുവാൻ പാടില്ലാത്തതും ;

ii. സഭയിലെ മറ്റേതെങ്കിലും അംഗത്തിന്റെ സദ്ഭാവത്തെ ചോദ്യം ചെയ്യുന്നതിനുള്ള ഒരു പ്രേരകമുള്ളതോ ചോദ്യം ചെയ്യുന്നതോ ആയ ഒരു ആരോപണം ഉന്നയിക്കുന്നതുവഴി വ്യക്തിപരമായ ഒരു പരാമർശം നടത്തുവാൻ പാടില്ലാത്തതും;

iii. നിയമനിർമ്മാണസഭയുടെ നടത്തിപ്പിനെയോ നടപടിക്രമങ്ങളെയോ പറ്റി നിന്ദ്യ പദപ്രയോഗങ്ങൾ ഉപയോഗിക്കുവാൻ പാടില്ലാത്തതും ;

iv. സഭയുടെ ഏതെങ്കിലും തീരുമാനത്തെപ്പറ്റി അത് റദ്ദാക്കാനുള്ള ഉപക്ഷേപത്തിന്മേൽ അല്ലാതെ അഭിപ്രായം പറയുവാൻ പാടില്ലാത്തതും ;

v. ചർച്ചയിൽ ഉന്നത അധികാരസ്ഥാനത്തിരിക്കുന്ന വ്യക്തികളുടെ പെരുമാറ്റത്തെപ്പറ്റി അഭിപ്രായം പറയുവാൻ പാടില്ലാത്തതും ;

vi. ചർച്ചയെ സ്വാധീനിക്കുന്നതിനുള്ള ഉദ്ദേശ്യത്തിനായി ഗവർണറുടെ പേര് ഉപയോഗിക്കുവാൻ പാടില്ലാത്തതും ;

vii. രാജ്യദ്രോഹപരമോ പ്രക്ഷോഭാത്മകമോ അപകീർത്തികരമോ ആയ വാക്കുകൾ ഉച്ചരിക്കുവാൻ പാടില്ലാത്തതും ;

viii. സഭയുടെ കാര്യങ്ങൾ തടസ്സപ്പെടുത്തുന്നതിനുള്ള ഉദ്ദേശ്യത്തിനായി തന്റെ പ്രസംഗ സ്വാതന്ത്ര്യം ഉപയോഗിക്കുവാൻ പാടില്ലാത്തതും ;

ix. ഏതെങ്കിലും ഗ്യാലറികളിലുള്ള അപരിചിതരെക്കുറിച്ച് യാതൊരു പരാമർശവും നടത്തുവാൻ പാടില്ലാത്തതും ;

x. അദ്ധ്യക്ഷന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഒരു എഴുതിയ പ്രസംഗം വായിക്കുവാൻ പാടില്ലാത്തതും ;

xi. സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും ;

xii. അദ്ധ്യക്ഷനെ അഭിസംബോധന ചെയ്യുമ്പോൾ ദുസ്സൂചനയുള്ളതോ നിന്ദ്യമായതോ അസഭ്യമായതോ ആയ പദപ്രയോഗങ്ങൾ പാടില്ലാത്തതും ;

xiii. സ്പീക്കർ പേരു വിളിക്കാതെ പ്രസംഗിക്കുവാൻ പാടില്ലാത്തതും ;

xiv. സഭായോഗ്യമല്ലാത്ത വാക്കുകൾ ഉച്ചരിക്കുവാൻ പാടില്ലാത്തതുമാകുന്നു."

കൂടാതെ, "Practice and Procedure of Parliament by M. N. Kaul and S.L. Shakdher" , "കേരള നിയമസഭ നടപടി ക്രമവും കീഴ്വഴക്കങ്ങളും" എന്നീ റഫറൻസ് ഗ്രന്ഥങ്ങളിലും ഇക്കാര്യങ്ങളെക്കുറിച്ച് ആധികാരികമായി പ്രതിപാദിച്ചിട്ടുണ്ട്.

പക്ഷേ, നിർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ സഭയുടെ കഴിഞ്ഞ കുറെ കാലത്തെ നടപടി ക്രമങ്ങൾ പരിശോധിച്ചാൽ, ഭരണ-പ്രതിപക്ഷ ഭേദമെന്യേ പലപ്പോഴും ഒരു ന്യൂനപക്ഷം അംഗങ്ങൾ ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടിട്ടുള്ളതായി കാണാവുന്നതാണ്.

1888 ആഗസ്റ്റ് 23-ാം തീയതി "തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ" എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച ഒരു സഭയിൽനിന്നുള്ള ജനാധിപത്യപരമായ വികാസ പരിണാമങ്ങളുടെ മഹത്തായ ചരിത്രമുള്ള സഭയാണിത്. നീണ്ട 133 വർഷം പിന്നിട്ട ആ സഭയുടെ അന്തസ്സും പൈതൃകവും കാത്തുസൂക്ഷിക്കേണ്ട ചുമതല ഇപ്പോൾ നമ്മുടെ ചുമലിലാണ്. ആ ഗൗരവവും പാർലമെന്ററി മര്യാദകളും ഉൾക്കൊണ്ടുകൊണ്ട് സഭയ്ക്കകത്തും പുറത്തും പെരുമാറുവാൻ നാം ബാദ്ധ്യസ്ഥരാണെന്ന വസ്തുത നമുക്ക് സ്വയം വിമർശനാത്മകമായി പങ്കുവയ്ക്കാം.

ഈ സാഹചര്യത്തിൽ സഭാ ചട്ടങ്ങളിലും കീഴ്വഴക്കങ്ങളിലും അംഗങ്ങൾക്കായുള്ള പെരുമാറ്റചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെയും മുൻകൂട്ടി ചെയറിന് എഴുതി നൽകാതെയും പ്രത്യേകിച്ച് നിയമനിർമ്മാണ വേളയിൽ, 2021 ഒക്ടോബർ 27-ാം തീയതി നടത്തിയ പ്രസംഗത്തിനിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. വി. അൻവർ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിച്ച വ്യക്തിപരമായ ആക്ഷേപങ്ങൾ അടങ്ങുന്ന അദ്ദേഹത്തിന്റെ പ്രസംഗഭാഗം സഭാ രേഖകളിൽനിന്നും നീക്കം ചെയ്യുന്നതായി ചെയർ അറിയിക്കുന്നു. അപ്രകാരം ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗത്തിന്റെ ഒരു പ്രത്യേക ഭാഗം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നതുകൊണ്ടുതന്നെ അതേ വിഷയവുമായി ബന്ധപ്പെട്ട് തൊട്ടടുത്ത ദിവസമായ ഒക്ടോബർ 28-ാം തീയതി സഭയിൽ നടന്ന ചർച്ചയും മറ്റ് എല്ലാ നടപടി ക്രമങ്ങളും പൂർണ്ണമായും സഭാരേഖകളിൽ ഉണ്ടായിരിക്കുന്നതുമല്ല."

2021 നവംബർ 1-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.51-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

## Third Session

# BULLETIN—PART I

( Brief Record of Proceedings )

*Friday, October 29, 2021*

**No. 43**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Calling Attention :*

1. Shri E. K. Vijayan called the attention of the Minister for Agriculture to the necessity to provide compensation to farmers whose crops were destroyed in the flood and monsoon rain in the State. The Minister made a statement thereto.

2. Shri P. C. Vishnunadh called the attention of the Minister for Health and Woman and Child Development to the necessity to revise the wages of the Anganvadi Workers. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. ടി. തോമസ് | തൃക്കാക്കര കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |

KNPP. 1888/2021(ii).

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | ശ്രീ. മോൻസ് ജോസഫ് | ഡി.എൽ.എഡ്. കോഴ്സ് നോട്ടിഫിക്കേഷൻ | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജന ക്ഷേമ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. കെ. പ്രശാന്ത് | വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ – ദേവസ്വം വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. നന്ദകുമാർ | പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി യുടെ വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented:

(i) Report of Subject Committee I on The Kerala Fish Auctioning, Marketing and Maintenance of Quality Bill, 2021.

(ii) Report of Subject Committee I on The Kerala University of Fisheries and Ocean Studies (Amendment) Bill, 2021.

(iii) Report of Subject Committee I on The Kerala Marine Fishing Regulation (Amendment) Bill, 2021.

(iv) Report of Subject Committee I on The Kerala Inland Fisheries and Aquaculture (Amendment) Bill, 2021.

*Legislative Business :*

Motion for consideration and further stages of the following Bills as reported by the Subject Committee :

(i) The Kerala State Goods and Services Tax (Amendment) Bill, 2021, The Kerala General Sales Tax (Amendment) Bill, 2021 and The Kerala Fiscal Responsibility (Amendment) Bill, 2021.

Shri K. N. Balagopal, Minister for Finance moved the motion that The Kerala State Goods and Services Tax (Amendment) Bill, 2021, The Kerala General Sales Tax (Amendment) Bill, 2021 and The Kerala Fiscal Responsibility (Amendment) Bill, 2021 as reported by the Subject Committee be taken up for consideration.

Shri K. Babu (*Thripunithura*), Shri Thiruvanchoor Radhakrishnan and Shri N. Samsudheen who recorded their dissent to the Subject Committee Reports spoke.

DR. Mathew Kuzhalnadan moved an amendment to circulate The Kerala State Goods and Services Tax (Amendment) Bill, 2021 for obtaining public opinion and spoke. Shri P. Nandakumar as authorised by Shri V. Joy moved another amendment to recommit the Bill to the same Subject Committee and spoke.

Shri M. Rajagoplan as authorised by Shri K. M. Sachindev moved an amendment to circulate The Kerala General Sales Tax (Amendment) Bill, 2021 for obtaining public opinion and spoke. Shri Ramesh Chennithala as authorised by Shri P. K. Basheer moved another amendment to recommit the Bill to the same Subject Committee and spoke.

Shri N. A. Nellikkunnu moved an amendment to circulate The Kerala Fiscal Responsibility (Amendment) Bill, 2021 for obtaining public opinion and spoke. Shri G. S. Jayalal as authorised by Shri V. Sasi moved another amendment to recommit the Bill to the same Subject Committee and spoke.

[The Speaker sought the consensus of the House to continue the proceedings after 12.30 for the completion of days' business. The House gave consent to do so.]

After discussion and reply of the Minister the amendments moved were withdrawn with the leave of the House. Then The Kerala General Sales Tax (Amendment) Bill, 2021 as reported by the Subject Committee was taken into consideration and passed without any amendments and other two Bills as reported by the Subject Committe were taken into consideration and were passed by the House with the following amendments.

**(i) The Kerala State Goods and Services Tax (Amendment) Bill, 2021 as reported by the Subject Committee**

*Clause 1*

(1) In Proviso to clause 1(2), for the word "construde", the word " construed" shall be substituted.

(2) In proviso to Clause 1(2), for the words 'in to' the word 'into' shall be substituted.

**(ii) The Kerala Fiscal Responsibility (Amendment) Bill, 2021 as reported by the Subject Committee**

*Clause 2*

(1) ഖണ്ഡം 2 (എ) പ്രകാരം പ്രധാന് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ "ഉൽപ്പാദനത്തിന്റെ" എന്നതിനുപകരം "ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

(2) ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ "ധനകമ്മിക്ക്" എന്നതിന് പകരം "ധനകമ്മിയ്ക്ക്"എന്നത് ചേർക്കുക.

(3) ഖണ്ഡം 2 (എ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ "പുറമേ" എന്നതിന് പകരം "പുറമെ,"എന്നത് ചേർക്കുക.

(4) ഖണ്ഡം 2 (ബി) പ്രകാരം പ്രധാന് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2)(ബിഎ)-ൽ "ഊർജ്ജമേഖലയിലെ" എന്നതിന് പകരം " ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

(5) ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബിഎ)-ൽ "വ്യവസ്ഥയ്ക്ക്" എന്ന വാക്കിനുപകരം "നിബന്ധനയ്ക്കും" എന്ന വാക്ക് ചേർക്കുക.

(6) ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "വ്യവസ്ഥയ്ക്ക് വിധേയമായി," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ" എന്ന് ചേർക്കുക.

(7) ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-ൽ "ഉപയോഗപ്പെടുത്തേണ്ടതുമാണ്" എന്നതിനുപകരം "വിനിയോഗിക്കേണ്ടതുമാണ്" എന്നു ചേർക്കുക.

(8) ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബിഎ)-യുടെ കുറിപ്പ് (i)-ൽ "ഉൽപ്പാദനത്തിന്റെ" എന്നതിനുപകരം "ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

*Clause 3*

ഖണ്ഡം 3(2)-ൽ "ആക്ടിൻകീഴിൽ"എന്നതിനുപകരം "ആക്ടിൻ കീഴിൽ" എന്ന് ചേർക്കുക.

*Ruling by the Speaker* :

(1) The Speaker gave the following ruling regarding expunging of words containing the allegations against the Leader of Opposition raised by Shri P. V. Anwar without prior notice during the legislative business on 27th October 2021.

" 2021 ഒക്ടോബർ 27-ാം തീയതി നിയമ നിർമ്മാണ വേളയിൽ 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിൽ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയായിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. പി. വി. അൻവർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ വ്യക്തിപരമായ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. നിയമസഭാ നടപടിചട്ടം 285-ൽ അനുശാസിക്കുംപ്രകാരം സ്പീക്കർക്ക് മുൻകൂർ നോട്ടീസ് നൽകാതെ ഒരംഗത്തിനെതിരെ അഴിമതി ആരോപണം ഉന്നയിക്കുന്നത് ക്രമപ്രകാരമാണോ എന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഒരു ക്രമപ്രശ്നം ഉന്നയിക്കുകയും പരിശോധിച്ച് റൂൾ ചെയ്യാമെന്ന് അപ്പോൾ ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

തുടർന്ന് തനിക്കെതിരെ നടപടിക്രമം പാലിക്കാതെ നിയമനിർമ്മാണ വേളയിൽ ശ്രീ. പി. വി. അൻവർ നടത്തിയ പരാമർശങ്ങൾ സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണമെന്നും ആക്ഷേപങ്ങളിന്മേൽ വ്യക്തിപരമായ വിശദീകരണം നൽകുന്നതിന്

ചട്ടം 288-ൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരമുള്ള അവസരം നൽകണമെന്നും ആവശ്യപ്പെട്ട് ഇന്നലെ (ഒക്ടോബർ 28-ാം തീയതി വ്യാഴാഴ്ച) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചെയറിന് കത്ത് നൽകിയിരുന്നു. അതിനെത്തുടർന്ന്, ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം സഭാ നടപടിക്രമങ്ങളുടെ ലംഘനമാണെന്ന കാര്യം ചട്ടങ്ങളും മുൻ റൂളിങ്ങുകളും ഉദ്ധരിച്ചുകൊണ്ട് ചെയർ അസന്നിഗ്ദ്ധമായി വ്യക്തമാക്കുകയും ചെയ്തിരുന്നു.

ഇതു സംബന്ധിച്ചുള്ള സഭാ കീഴ്വഴക്കങ്ങൾ, സഭാ ചട്ടം, മുൻ അദ്ധ്യക്ഷന്മാരുടെ റൂളിംഗുകൾ എന്നിവ വിശദമായി പരിശോധിച്ചതിന്റെയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ ചട്ടം 288 അനുശാസിക്കും പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണത്തിന് അന്നേ ദിവസം അദ്ദേഹത്തിന് അവസരം നൽകുകയുണ്ടായി. വ്യക്തിപരമായ വിശദീകരണത്തോടെ പ്രശ്നം തീർപ്പാകുമെന്ന ഉത്തമ ബോദ്ധ്യമാണ് ഇക്കാര്യത്തിൽ ചെയറിനെ നയിച്ചത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വിശദീകരണത്തിനുശേഷവും ഉന്നയിച്ച ആക്ഷേപങ്ങൾ സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യം വിശദമായി ഒന്നുകൂടി പരിശോധിക്കാമെന്ന് ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

നമ്മുടെ സഭയിൽ നടക്കുന്ന ചർച്ചയുടെ ഭാഗമായി അംഗങ്ങൾ പരസ്പരം ആക്ഷേപം ഉന്നയിക്കുന്നത് സംബന്ധിച്ചുള്ള നിരവധി സന്ദർഭങ്ങൾ കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സഭയിൽ ഉയർന്നു വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗുകളും ഇതിനെത്തുടർന്ന് ഉണ്ടായിട്ടുണ്ട്. സഭാതലത്തിൽ ഉയർന്നു വരുന്ന ആക്ഷേപങ്ങളിൽ ചട്ടം 288 അനുസരിച്ചുള്ള വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് ആരോപണ വിധേയരാകുന്ന അംഗങ്ങൾക്ക് അവസരം നൽകി കാര്യങ്ങൾ തീർപ്പാക്കിയിട്ടുള്ള നിരവധി സന്ദർഭങ്ങളും നമ്മുടെ സഭാ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്.

ഒരംഗം സഭയിൽ സംസാരിക്കുമ്പോൾ പൊതുവെ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് സഭാ ചട്ടങ്ങളിലെ ചട്ടം 284-ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം ഒരാൾക്കെതിരെയുള്ള ആരോപണം സംബന്ധിച്ച നടപടിക്രമം ചട്ടം 285 ലും വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഇതിനൊക്കെ പുറമെ നമ്മുടെ സഭാ നടപടിചട്ടങ്ങളുടെ തന്നെ ഭാഗമാക്കിയിട്ടുള്ള "അംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ" ചട്ടം 5-ൽ ഒരംഗം സംസാരിക്കുമ്പോൾ പാലിക്കേണ്ട പതിനാല് മാർഗ്ഗനിർദ്ദേശങ്ങൾ ചേർത്തിട്ടുണ്ട്. ഈ സന്ദർഭത്തിൽ അവ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് ചെയർ കരുതുന്നു.

*"ഒരംഗം സംസാരിക്കുമ്പോൾ :—*

i. ഒരു ജുഡീഷ്യൽ തീർപ്പിനായി നിലവിലിരിക്കുന്ന ഏതെങ്കിലും വസ്തുതാപരമായ കാര്യത്തെ പരാമർശിക്കുവാൻ പാടില്ലാത്തതും ;

ii. സഭയിലെ മറ്റേതെങ്കിലും അംഗത്തിന്റെ സദ്ഭാവത്തെ ചോദ്യം ചെയ്യുന്നതിനുള്ള ഒരു പ്രേരകമുള്ളതോ ചോദ്യം ചെയ്യുന്നതോ ആയ ഒരു ആരോപണം ഉന്നയിക്കുന്നതുവഴി വ്യക്തിപരമായ ഒരു പരാമർശം നടത്തുവാൻ പാടില്ലാത്തതും;

iii. നിയമനിർമ്മാണസഭയുടെ നടത്തിപ്പിനെയോ നടപടിക്രമങ്ങളെയോ പറ്റി നിന്ദ്യ പദപ്രയോഗങ്ങൾ ഉപയോഗിക്കുവാൻ പാടില്ലാത്തതും ;

iv. സഭയുടെ ഏതെങ്കിലും തീരുമാനത്തെപ്പറ്റി അത് റദ്ദാക്കാനുള്ള ഉപക്ഷേപത്തിന്മേൽ അല്ലാതെ അഭിപ്രായം പറയുവാൻ പാടില്ലാത്തതും ;

v. ചർച്ചയിൽ ഉന്നത അധികാരസ്ഥാനത്തിരിക്കുന്ന വ്യക്തികളുടെ പെരുമാറ്റത്തെപ്പറ്റി അഭിപ്രായം പറയുവാൻ പാടില്ലാത്തതും ;

vi. ചർച്ചയെ സ്വാധീനിക്കുന്നതിനുള്ള ഉദ്ദേശ്യത്തിനായി ഗവർണറുടെ പേര് ഉപയോഗിക്കുവാൻ പാടില്ലാത്തതും ;

vii. രാജ്യദ്രോഹപരമോ പ്രക്ഷോഭാത്മകമോ അപകീർത്തികരമോ ആയ വാക്കുകൾ ഉച്ചരിക്കുവാൻ പാടില്ലാത്തതും ;

viii. സഭയുടെ കാര്യങ്ങൾ തടസ്സപ്പെടുത്തുന്നതിനുള്ള ഉദ്ദേശ്യത്തിനായി തന്റെ പ്രസംഗ സ്വാതന്ത്ര്യം ഉപയോഗിക്കുവാൻ പാടില്ലാത്തതും ;

ix. ഏതെങ്കിലും ഗ്യാലറികളിലുള്ള അപരിചിതരെക്കുറിച്ച് യാതൊരു പരാമർശവും നടത്തുവാൻ പാടില്ലാത്തതും ;

x. അദ്ധ്യക്ഷന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഒരു എഴുതിയ പ്രസംഗം വായിക്കുവാൻ പാടില്ലാത്തതും ;

xi. സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും ;

xii. അദ്ധ്യക്ഷനെ അഭിസംബോധന ചെയ്യുമ്പോൾ ദുസ്സൂചനയുള്ളതോ നിന്ദ്യമായതോ അസഭ്യമായതോ ആയ പദപ്രയോഗങ്ങൾ പാടില്ലാത്തതും ;

xiii. സ്പീക്കർ പേരു വിളിക്കാതെ പ്രസംഗിക്കുവാൻ പാടില്ലാത്തതും ;

xiv. സഭായോഗ്യമല്ലാത്ത വാക്കുകൾ ഉച്ചരിക്കുവാൻ പാടില്ലാത്തതുമാകുന്നു."

കൂടാതെ, "Practice and Procedure of Parliament by M. N. Kaul and S. L. Shakdher", "കേരള നിയമസഭ നടപടി ക്രമവും കീഴ്വഴക്കങ്ങളും" എന്നീ റഫറൻസ് ഗ്രന്ഥങ്ങളിലും ഇക്കാര്യങ്ങളെക്കുറിച്ച് ആധികാരികമായി പ്രതിപാദിച്ചിട്ടുണ്ട്.

പക്ഷേ, നിർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ സഭയുടെ കഴിഞ്ഞ കുറെ കാലത്തെ നടപടി ക്രമങ്ങൾ പരിശോധിച്ചാൽ, ഭരണ-പ്രതിപക്ഷ ഭേദമെന്യേ പലപ്പോഴും ഒരു ന്യൂനപക്ഷം അംഗങ്ങൾ ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടിട്ടുള്ളതായി കാണാവുന്നതാണ്.

1888 ആഗസ്റ്റ് 23-ാം തീയതി "തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ" എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച ഒരു സഭയിൽനിന്നുള്ള ജനാധിപത്യപരമായ വികാസ പരിണാമങ്ങളുടെ മഹത്തായ ചരിത്രമുള്ള സഭയാണിത്. നീണ്ട 133 വർഷം പിന്നിട്ട ആ സഭയുടെ അന്തസ്സും പൈതൃകവും കാത്തുസൂക്ഷിക്കേണ്ട ചുമതല ഇപ്പോൾ നമ്മുടെ ചുമലിലാണ്. ആ ഗൗരവവും പാർലമെന്ററി മര്യാദകളും ഉൾക്കൊണ്ടുകൊണ്ട് സഭയ്ക്കകത്തും പുറത്തും പെരുമാറുവാൻ നാം ബാദ്ധ്യസ്ഥരാണെന്ന വസ്തുത നമുക്ക് സ്വയം വിമർശനാത്മകമായി പങ്കുവയ്ക്കാം.

ഈ സാഹചര്യത്തിൽ സഭാ ചട്ടങ്ങളിലും കീഴ്‌വഴക്കങ്ങളിലും അംഗങ്ങൾക്കായുള്ള പെരുമാറ്റചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെയും മുൻകൂട്ടി ചെയറിന് എഴുതി നൽകാതെയും പ്രത്യേകിച്ച് നിയമനിർമ്മാണ വേളയിൽ, 2021 ഒക്ടോബർ 27-ാം തീയതി നടത്തിയ പ്രസംഗത്തിനിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. വി. അൻവർ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിച്ച വ്യക്തിപരമായ ആക്ഷേപങ്ങൾ അടങ്ങുന്ന അദ്ദേഹത്തിന്റെ പ്രസംഗഭാഗം സഭാ രേഖകളിൽനിന്നും നീക്കം ചെയ്യുന്നതായി ചെയർ അറിയിക്കുന്നു. അപ്രകാരം ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗത്തിന്റെ ഒരു പ്രത്യേക ഭാഗം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നതുകൊണ്ടുതന്നെ അതേ വിഷയവുമായി ബന്ധപ്പെട്ട് തൊട്ടടുത്ത ദിവസമായ ഒക്ടോബർ 28-ാം തീയതി സഭയിൽ നടന്ന ചർച്ചയും മറ്റ് എല്ലാ നടപടി ക്രമങ്ങളും പൂർണ്ണമായും സഭാരേഖകളിൽ ഉണ്ടായിരിക്കുന്നതുമല്ല. "

The House adjourned at 12.51 p.m. to meet again at 9.00 a.m. on Monday November 1, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*